പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3009

20.06.2014-ൽ മറുപടിയ്ക്ക്

വി.ഇ.ഒ.മാരുടെ അടിസ്ഥാന യോഗ്യത

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.റ്റി.യു.കുരുവിള | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| (എ) വി.ഇ.ഒ.മാരുടെ അടിസ്ഥാന യോഗ്യത ഉയർത്തുന്നതിന് എന്തെങ്കിലും നിർദ്ദേശം നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) ഇത്തരത്തിലൊരു നിർദ്ദേശം സർക്കാർ പരിശോധിച്ച് നിരസിച്ചിട്ടുള്ളതാണ്. |
| (ബി) എക്സ്റ്റൻഷൻ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസുകളിൽ ഗ്രാമവികസന വകുപ്പിൽ നിന്നും എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; | (ബി) ഗ്രാമപഞ്ചായത്ത് വഴി നടപ്പിലാക്കുന്ന ദാരിദ്ര്യ ലഘൂകരണ പ്രോജക്ടുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥർ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ ആയതിനാൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസുകളിൽ വേണ്ട അനുബന്ധ സൗകര്യങ്ങൾ ഗ്രാമപഞ്ചായത്തു തന്നെ ചെയ്തു കൊടുക്കുന്നുണ്ട്. ഗ്രാമവികസന വകുപ്പിന്റെ കീഴിലുള്ള ഇ.ടി.സി.കളിൽ വച്ച് എക്സ്റ്റൻഷൻ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി പരിശീലന പരിപാടികൾ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർക്ക് നൽകുന്നുണ്ട്. |
| (സി) വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ നേതൃത്വത്തിൽ പഞ്ചായത്ത് തലത്തിൽ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ | (സി) ഉണ്ട്. അധിക തസ്തികകൾ സൃഷ്ടിക്കാതെയും അധിക സാമ്പത്തിക ബാദ്ധ്യതയുണ്ടാകാതെയും പഞ്ചായത്ത് തലത്തിൽ |

| | | | |
|---|---|---|---|
| | ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | | ദാരിദ്ര്യ ലഘൂകരണ വിഭാഗം രൂപീകരിക്കുന്നതിനുള്ള പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് ഗ്രാമവികസന കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ ആറ് മാസത്തെ പരിശീലന കാലം ഡ്യൂട്ടി ആയി പരിഗണിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ഡി) | ഈ കാര്യം സർക്കാർ പരിശോധിച്ച് വരുന്നു. |

Sheeja

സെക്ഷൻ ഓഫീസർ